LIBRARY ARCHIVES Kerala Legislative Assembly

കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരിക കാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി - ' മഴമിഴി' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരി കോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാന കലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 350-ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും.

(ഡി) സിനിമ, സീരിയൽ, നാടകം തുടങ്ങിയ കലാമേഖലകളിൽ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക നടപടികൾ കൈകൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; അറിയിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അടച്ചിടൽമൂലം കലാകാരന്മാർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി കേരള സംഗീത നാടക അക്കാദമി സർഗ്ഗഭൂമിക എന്ന ഓൺലൈൻ പ്ലാറ്റ്ഫോം പരിപാടി സജ്ജീകരി ക്കുകയുണ്ടായി. സർഗ്ഗഭൂമിക രണ്ടാംഘട്ട പ്രവർത്തനത്തിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25 അമച്വർ നാടകസംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അമച്വർ നാടക സംഘങ്ങളുടെ സഹായത്തിനായി 3 കോടി രൂപയും പ്രൊഫഷണൽ നാടക സംഘങ്ങളുടെ സഹായത്തിനായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സിനിമ തിയേറ്ററുകൾ

382 (1129) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ സിനിമ തിയേറ്ററുകൾ അടഞ്ഞു കിടക്കുന്നതിനാൽ പ്രതിസന്ധിയിലായ തിയേറ്റർ ഉടമകളെയും തൊഴിലാളി കളെയും സഹായിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡിനെ തുടർന്ന് സംസ്ഥാന സർക്കാർ തീയേറ്റർ ഉടമകളെ സഹായിക്കുവാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഫിക്സഡ് ചാർജ്ജ് പകുതിയാക്കുകയും വൈദ്യുതി ബില്ലുകൾ ഘട്ടം ഘട്ടമായി ഒടുക്കുവാനുള്ള അനുമതിയും 28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 14/2021/ഊ.വ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 22-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1195/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം 2021 മാർച്ച് 31 വരെയുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരിവരെ അംഗത്വത്തിന് അപേക്ഷ നൽകിയവരെ ഉൾപ്പെടെ പരിഗണിച്ച്, ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏപ്രിൽ 2021-വരെ അംഗത്വത്തിന് അപേക്ഷ നൽകിയവർക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു.

യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം

383(1130) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഓൺലൈൻ ഡെലിവറി സംവിധാനം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ്, ടൂറിസം വോളന്റിയർ, ബഹുഭാഷാ സമന്വയം, പരിസ്ഥിതി പ്രവർത്തനങ്ങൾ, ശാസ്ത്രം-ചരിത്രം-സാംസ്കാരിക പ്രവർത്തനങ്ങൾ, യുവതി ക്ലബ്ബ്, വനിതാ യൂത്ത് ഹോസ്റ്റൽ, സെൽഫ് ഡിഫൻസ് പരിശീലനം, ടൈബൽ സ്പോർട്സ് മത്സരങ്ങൾ, തീരദേശ കായികോത്സവം, നീന്തൽ പരിശീലനം, നാടക കളരി, ട്രക്കിംഗ്, സാഹസിക ക്യാമ്പ് തുടങ്ങിയ സാഹസിക പരിപാടികൾ, ട്രാൻസ്ജെന്റേഴ്സ് ശാക്തീകരണം, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, പി.എസ്.സി. പരിശീലനം, പാലിയേറ്റീവ് കെയർ, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ബോർഡ് ആസൂത്രണം ചെയ്ത് വരുന്നു.